ജനുവരി 17, 2014

# എന്തുകൊണ്ട് കോൺഗ്രസ് രാഹുൽകാര്യത്തിൽ പിന്മാറി?

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

കോൺഗ്രസ് പ്രധാനമന്ത്രി സ്ഥാനാർത്ഥി വേണ്ടെന്നു വച്ചു. പകരം രാഹുൽ ഗാന്ധി പ്രചാരണം നടത്തും. കുടുംബവാഴ്ചയിൽ പാർട്ടി നിയന്ത്രണം പോകുന്നത് ഇപ്പോൾ കൂടുതൽ സുവ്യക്തമാണ്. 25 വർഷമായി ഗാന്ധി കുടുംബത്തിൽ നിന്ന് പ്രധാനമന്ത്രി ഉണ്ടായിട്ടില്ല. ഇന്ത്യ തീർച്ചയായും മാറിക്കൊണ്ടിരിക്കുകയാണ്. ഗാന്ധിമാർക്ക് ഒരു പാർട്ടിയെ നിയന്ത്രിക്കാനായേക്കും പക്ഷേ രാജ്യം നിയന്ത്രിക്കാനാവില്ല. അധികാരത്തിൽ നിന്നകന്നു നിൽക്കുന്ന കുടുംബം 2004 ൽ ഏറെ സംഘർഷത്തിലാണ്. അതിന്റെ മുഖത്ത് തോൽവിയുടെ ഭീതിയുണ്ട്, അതുകൊണ്ടാണ് 2014 ലെ തെരഞ്ഞെടുപ്പിൽ അവർ പ്രധാനമന്ത്രിയായി രാഹുൽ ഗാന്ധിയെ പ്രഖ്യാപിക്കുന്നതിൽ നിന്ന് പിന്മാറിയത്.

യഥാർത്ഥത്തിൽ പദ്ധതി അതായിരുന്നില്ല. 2013 ഡിസംബറിൽ സോണിയാ ഗാന്ധി പറഞ്ഞത് പ്രധാനമന്ത്രി സ്ഥാനാർത്ഥിയെ യുക്തമായ സമയത്ത് പ്രഖ്യാപിക്കുമെന്നാണ്. തന്റെ പത്ര സമ്മേളനത്തിൽ പ്രധാനമന്ത്രി മൻ മോഹൻ സിംഗും രാഹുൽ ഗാന്ധി പ്രധാനമന്ത്രിയാകാൻ യോഗ്യനാണെന്ന് പ്രഖ്യാപിച്ചതാണ്. പിന്നെ എന്തുകൊണ്ട് പാർട്ടി പെട്ടെന്ന് പിന്മാറി. കോൺഗ്രസിന് പോരാട്ട ധൈര്യം ചോർന്നു പോയിരിക്കുന്നു. ഇത് ആദ്യം ദൽഹി നിയമസഭാ തെരഞ്ഞെടപ്പിൽ ദൃശ്യമായി. രാഹുൽ ഗാന്ധിയുടെ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ ആരുമില്ലാതായി. അതിനുശേഷം ദൽഹിയിൽ ഒരു ദേശീയ നേതാവും പ്രചാരണത്തിന് ഇറങ്ങിയില്ല. ഇപ്പോൾ ഭീതി സുവ്യക്തമാണ്. പോരാടാൻ ഇനി ഇന്ധം ഇല്ലാത്ത അവസ്ഥയിലായിരിക്കുന്നു. ഈ സമയത്ത് നരേന്ദ്രമോദിയുമായി ഒരു താരതമ്യം നല്ലതാണ്, അഭിപ്രായ സർവേകൾ ചൂണ്ടിക്കാണിച്ചതാണ് ഇരുവരും തമ്മിലുള്ള വോട്ടു വ്യത്യാസം. ഒരുപക്ഷേ കോൺഗ്രസ് യാഥാർത്ഥ്യം വൈകി മനസ്സിലാക്കിയതാകാം. സർക്കാരുണ്ടാക്കാൻ തന്നെ സാധ്യതയില്ല. അപ്പോൾ രാഹുൽ ഗാന്ധിയെ പ്രധാനമന്ത്രിയായി പ്രഖ്യാപിച്ചിട്ടെന്ത് കാര്യം!

പ്രധാനമന്ത്രി ധൈര്യം പ്രകടിപ്പിക്കുകയാണ്. അദ്ദേഹം പ്രഖ്യാപിക്കുന്നത് 2014 ലെ വിജയം രാഹുൽ ഗാന്ധിയുടെതായിരിക്കുമെന്ന്. തോൽവിയും രാഹുലിന്റെ മിടുക്കായി കണക്കാക്കുമോ. എനിക്ക് സംശയമുണ്ട്. കോൺഗ്രസിന്റെ വിശ്വാസ ചരിത്രം ഗാന്ധിമാർക്ക് തെറ്റുപറ്റില്ലെന്നാണ്. അവരെ ഉപദേശിക്കുന്നവരാണ് തെറ്റായ ഉപദേശം നൽകുന്നത്. പാർട്ടിയിൽ ഗാന്ധിമാർക്ക് ഒരു ഉത്തരവാദിത്വവുമില്ല, കാരണം അവർ തന്നെയാണ് പാർട്ടി.